**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൂത്തുപറമ്പ് നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ബിൽകളക്ടർമാരെ നിയമിച്ച നടപടിക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 848/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.03.2018

പരാമർശം : 1. കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറിയുടെ 31.07.2017 ലെ ജി-5845/16 നമ്പർ കത്ത്.

2.. കൂത്തുപറമ്പ് നഗരസഭാ കൗൺസിലിന്റെ 22.06.2017 തീയതിയിലെ 13-ാംനമ്പർ തീരുമാനം.

3. നഗരകാര്യഡയറകറുടെ 21.02.2018 തീയതിയിലെ ഇ 7-19678/17 നമ്പർ കത്ത്.

## ഉത്തരവ്

കൂത്തുപറമ്പ് നഗരസഭയിൽ ജീവനക്കാരുടെ അപര്യാപ്തത കാരണം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനായി 6 ബിൽകളക്ടർമാരെ നഗരസഭാകൗൺസിലിന്റെ അനുമതിയോടെ 03.03.2017 മുതൽ ഒരു മാസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതായും തുടർന്ന് 01.06.2017 മുതൽ 2 മാസത്തേക്ക് 4 ബിൽകളക്ടർമാരെ നിയമിക്കുകയും ടിയാളുകളുടെ സേവനം 01.08.2017 മുതൽ ഒരു മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളതായും ആയതിനാൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം 3 കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂത്തുപറമ്പ് നഗരസഭയിൽ ജീവനക്കാരുടെ അപര്യാപ്തത കാരണം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനായി സർക്കാർ അനുമതിയില്ലാതെ നഗരസഭ കൗൺസിൽ അംഗീകാരത്തോടെ 03.03.2017 മുതൽ 31.03.2017 വരെ 6 ബിൽകളക്ടർമാരെയും 01.06.2017 മുതൽ 3 മാസത്തേക്ക് 4 ബിൽകളക്ടർമാരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

നഗരസഭ സെക്രട്ടറി / ചെയർമാൻ, കുഞ്ഞിപറമ്പ് നഗരസഭ
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ